21/4/17

**ഭരണഭാഷ മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി**

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം - ഡിഇഎസ് - ജീവനക്കാര്യം - ലാസ്റ്റ് ഗ്രേഡ് സെർവ്വന്റ് ജീവനക്കാർക്ക് തസ്തിക മാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്/ഇൻവെസ്റ്റിഗേറ്റർ-II ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം-

1. 31-01-1978 ലെ ജി.ഒ. (പി) നമ്പർ 78/1978/ജി.എ.ഡി സർക്കാർ ഉത്തരവ്.
2. 20-02-2009 ലെ ജി.ഒ. (പി) നമ്പർ 9/2009/പി.എൽ.ജി സർക്കാർ ഉത്തരവ്.
3. 05-09-2012 ലെ ജി.ഒ. (എം.എസ്) നമ്പർ 487/2012/ഫിൻ നമ്പർ സർക്കാർ ഉത്തരവ്.
4. ഈ ആഫീസിലെ 24-03-2017 ലെ ഇഎ(1)2017/2017/ഡിഇഎസ് നമ്പർ ഉത്തരവ്
5. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 04-04-2016 ലെ ഇ(2)966/2016/ഡിഒഎ നമ്പർ കത്ത്
6. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പത്തനംതിട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 15-04-2017 ലെ എ1-2815/2015/ഡിഒപിറ്റി നമ്പർ കത്ത്
7. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 12-04-2017 ലെ ഇ(2) 1121/2017/ഡിഒഎ നമ്പർ കത്ത്

**ഉത്തരവ് നം. ഇഎ (3) 14/2014/ഡിഇഎസ്, തീയതി. 20/04/2017**

കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ബി.എ (ഇക്കണോമിക്സ് / ബി.എസ്.സി (മാത്തമാറ്റിക്സ് / സ്റ്റാറ്റിസ്റ്റിക്സ്) / ബി.കോം വിത്ത് സ്റ്റാറ്റിസ്റ്റിക്സ് / ബി.കോം വിത്ത് ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യത ഉള്ളവരും മൂന്ന് വർഷ സേവനം പൂർത്തിയാക്കിയിട്ടുള്ളതുമായ ജീവനക്കാർക്ക് നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിൽ 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗകയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

ആഫീസ് അറ്റൻഡന്റുമാരുടെ നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റ് പ്രകാരം നിശ്ചിത യോഗ്യതയുള്ള ക്രമ നമ്പർ 53, ചെങ്ങന്നൂർ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിലെ ശ്രീമതി.മാധുരി.യു-വിന് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗകയറ്റം ലഭിക്കുന്നതിന് അർഹതയുള്ളതായി കാണുന്നു.

തസ്തികമാറ്റം വഴിയുള്ള ഉദ്യോഗകയറ്റത്തിനായി ആലപ്പുഴ ജില്ലയിൽ (ഡി.ആർ.ബി) നിലവിൽ ഒഴിവ് ഇല്ല എന്ന് പരാമർശം (7) പ്രകാരം ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീമതി.മാധുരി.യു-വിനെ 22200-48000/- രൂപ (പരിഷ്കരിച്ച)ശമ്പള സ്കെയിലിൽ തസ്തികമാറ്റം നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 ആയി ഉദ്യോഗകയറ്റം നൽകി പരാമർശം (6) പ്രകാരം പത്തനംതിട്ട ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ആഫീസിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ആലപ്പുഴ ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് ശ്രീമതി.മാധുരി.യു-വിന് ആലപ്പുഴ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ നിയമനം നൽകേണ്ടതും ടി വിവരം ആ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

ടിയാൾ യഥാസമയം വിടുതൽ ചെയ്ത് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് പത്തനംതിട്ട ജില്ലാ ആഫീസിൽ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതാണ്.

(ഒപ്പ്)
**ഗീത.കെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ശ്രീമതി.മാധുരി.യു
പകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, പത്തനംതിട്ട
2. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, ആലപ്പുഴ
3. ഡയറക്ടർ ജനറൽ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറിന്റെ സി.എ
4. ഗ്രഡേഷൻ സെൽ /ഫയൽ /കരുതൽ ഫയൽ
5. ജോ: ഡയറക്ടർ ; കമ്പ്യൂട്ടർ വിഭാഗം.

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

എഎ 20.04